# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴപ്പിള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം.(പി3)995/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/09/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം.(പി3)995/21 തീയ്യതി: 13/09/2021

## എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 14-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിനോദ് കെ കെ | ഡെപ്യൂട്ടി ഡയറക്ടർ | 15-07-2021 | 18-07-2021 |
| ശ്രീ കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ശ്രീ വിനീത് ആർ, ഓഡിറ്റ് ഓഫീസർ

2)ശ്രീ ഹരീഷ് ബാബു എൻ,അസി.ഓഡിറ്റ് ഓഫീസർ

3)കുമാരി മേഴ്സി കെ പി,സീനിയർ ഗ്രേഡ് ഓഡിറ്റർ

4)ശ്രീ ടിനു കെ ജെ, ഓഡിറ്റർ

5)ശ്രീ ഹരീഷ് പി ആർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രജിത സജീവ് | പ്രസിഡന്റ് | 01-04-2020 | 09-12-2020 |
| ശ്രീ കെ എസ് നിബിൻ | പ്രസിഡന്റ് | 10-12-2020 | 31-03-2021 |
| ശ്രീ സഞ്ജയ് പ്രഭു ഡി | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനുജ ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ലക്ഷ്മി ദേവി പി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി സിന്ധു വി ശങ്കർ | ഐ.സി,ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. സുസ്മിതാ ഭായ് എൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ ലെംസി ഫ്രാൻസിസ് പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ നീമ ബേസിൽ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി ലിജി ടി എൻ | അസിസ്റ്റന്റ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | എൻജിനീയർ | | |
| ശ്രീ രതീഷ് ബാബു സി എസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 18-06-2020 |
| ശ്രീമതി ബിന്ദുജ കെ എസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 19-06-2020 | 20-10-2020 |
| ശ്രീമതി ഹരിത എച്ച് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 21-10-2020 | 31-03-2021 |
| ശ്രീമതി ലീന തോമസ് | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 01-04-2020 | 04-11-2020 |
| ശ്രീമതി സിന്ധു പി ടി | അസിസ്റ്റന്റ് ഫിഷറീസ് എക്സറ്റൻഷൻ ഓഫീസർ | 05-11-2020 | 14-12-2020 |
| ശ്രീമതി ലിസി ടി വി | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 15-12-2020 | 31-03-2021 |
| ശ്രീമതി ഷൈമ എം എസ് | വി.ഇ.ഒ അയ്യമ്പിള്ളി | 01-04-2020 | 31-03-2021 |
| ശ്രീമതി സീമ ടി ആർ | വി.ഇ.ഒ കുഴുപ്പിള്ളി | 01-04-2020 | 31-03-2021 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: TINU K.J. (Auditor, On 29-07-2021)<br>Last Updated By: TINU K.J. (Auditor, On 29-07-2021) | 1-1 |
| 2 | ബജറ്റ് സംബന്ധിച്ച അപാകതകൾ<br>Written By: TINU K.J. (Auditor, On 29-07-2021)<br>Last Updated By: TINU K.J. (Auditor, On 29-07-2021) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | 1-2 |
| 4 | വാർഷിക കണക്കിലെ അപാകതകൾ സംബന്ധിച്ച്<br>Written By: Hareesh Babu .N (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 21-07-2021) | 1-3 |
| 6 | ഫണ്ടുവിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-5 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Hareesh P.R (Auditor, On 24-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-10 |
| 13 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Hareesh P.R (Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-11 |
| 14 | വസ്തു നികുതി – കേസ് തീർപ്പായിട്ടില്ല<br>Written By: Hareesh P.R (Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-12 |
| 15 | വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Hareesh P.R (Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-13 |
| 16 | ലൈസൻസ് ഫീസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല<br>Written By: TINU K.J. (Auditor, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | 1-14 |
| 17 | മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫോറം വില<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-15 |
| 18 | പഞ്ചായത്ത് ഹാളുകളുടെ വാടക സംബന്ധിച്ച | 1-16 |

| | | |
|---|---|---|
| | അപാകതകൾ<br>Written By: Hareesh P.R (Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | |
| 19 | കരാറുകാർ ജി എസ് ടി ഇൻവോയ്സ് ഹാജരാക്കുന്നില്ല.<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-17 |
| 20 | ആസ്തി സംരക്ഷണം<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-07-2021) | 1-18 |
| 21 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ<br>Written By: Mercy KP (Auditor, On 22-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-19 |
| 22 | ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | 1-20 |
| 23 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു<br>Written By: Hareesh Babu .N (Asst. Audit Officer, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-21 |
| 24 | മെഡിക്കൽ ഓഫീസർ ആയൂർവേദം നിർവഹണം നടത്തിയ പ്രോജക്ട് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.<br>Written By: TINU K.J. (Auditor, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-22 |
| 25 | എസ്.എസ്.എ.യ്ക്ക് നൽകിയ തുകയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-23 |
| 26 | അനുപൂരക പോഷകാഹാരം- വിതരണത്തിന് മുൻപ് ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല<br>Written By: Mercy KP (Auditor, On 27-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-24 |
| 27 | ICDS പ്രോജക്ട് - ചെലവ് തുകയിലെ വ്യത്യാസം.<br>Written By: Mercy KP (Auditor, On 27-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | 1-25 |
| 28 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിയ്ക്കുന്ന തുക തിരികെ അടച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-26 |
| 29 | കുടിവെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ ഭീമമായ കുടിശ്ശിക അടവാക്കാനുള്ളത് സംബന്ധിച്ച്<br>Written By: Hareesh Babu .N (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-27 |
| 30 | തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | 1-28 |
| 31 | ആസൂത്രണ സമിതി യോഗം കൃത്യമായി ചേരുന്നില്ല<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-29 |
| 32 | ഗ്രാമസഭ സംബന്ധിച്ച അപാകതകൾ<br>Written By: TINU K.J. (Auditor, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-30 |
| 33 | ദുരിതാശ്വാസനിധി | 1-31 |

| | | |
|---|---|---|
| | Written By: Mercy KP (Auditor, On 23-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | |
| 34 | സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് കൃത്യമായി കൂടുന്നില്ല.<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-32 |
| 35 | ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി അംഗീകരിക്കൽ<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-33 |
| 36 | ഖരമാലിന്യ നിർമ്മാർജ്ജനം<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-34 |
| 37 | പ്രളയ ബാധിത പ്രദേശങ്ങൾക്കുള്ള പ്രത്യേക വിഹിതം - 29,48,144 രൂപ ലാപ്സായി<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 23-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Hareesh Babu .N (Asst. Audit Officer, On 24-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 25-08-2021) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

2020-2021 വർഷത്തെ ബജറ്റ് 10.03.2020 തീയതിയിലെ 2/1 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 161713950 | 190651525 |
| വാർഷിക കണക്ക് പ്രകാരം | 46077449 | 48206893 |

### 1-1-1 ബജറ്റ് സംബന്ധിച്ച അപാകതകൾ

2020-2021 സാമ്പത്തിക വർഷത്തെ ബജറ്റ്, ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ബജറ്റ് പ്രകാരം തൻവർഷത്തെ പ്രതീക്ഷിത വരവ് 161713950 രൂപയാണ്. എന്നാൽ യഥാർത്ഥ വരവ് 46077449 രൂപ മാത്രമാണ്. യാഥാർത്ഥ്യവുമായി വലിയ വ്യത്യാസം കാണുന്നു.

2) തദ്ദേശ സ്വയം ഭരണ വകുപ്പ് 02.12.2016ലെ ജി.ഒ(ആർ.ടി)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

3)ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-2021 ലെ പഞ്ചായത്ത് ബജറ്റ് 2020 ഏപ്രിൽ 30ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയിട്ടുള്ളതായി കാണുന്നില്ല.

4) 2020-2021 സാമ്പത്തിക വർഷത്തെ ബജറ്റിൽ ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾക്കായി(ഹെഡ് നം.2513006) 1775000 രൂപ വിഭാവനം ചെയ്തിരുന്നെങ്കിലും വാർഷിക കണക്ക് പ്രകാരം ഈ ഹെഡിലെ യഥാർത്ഥ ചെലവ് (R&P) 727000 രൂപ മാത്രമാണ്.

നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിന് നിലവിൽ സാധിച്ചിട്ടില്ല. ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 27.05.2021 |

കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ സംബന്ധിച്ച്

1)വാർഷിക ധനകാര്യ പത്രിക ബി11 പത്രിക പ്രകാരം 31.03.2021 തീയതി വരെയുള്ള സ്ഥാപനത്തിന്റെ ആകെ ആസ്തിമൂല്യം 16508745/-രൂപയാണ്. എന്നാൽ 31.03.2021 തീയതി വരെ മൂലധന ചെലവുകൾക്കായി സ്ഥാപനം 4943857/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആസ്തി ആർജ്ജിക്കുന്നതിനായി സ്ഥാപനം ചെലവഴിച്ച തുകയും ആസ്തി മൂല്യവും തമ്മിൽ 11564888/-രൂപയുടെ വ്യത്യാസം ഉണ്ട്. തനത് ഫണ്ട് ചെലവഴിച്ച് ആർജ്ജിച്ച ആസ്തികളുടെ ചെലവ് മൂലധന ചെലവായി രേഖപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഈ

അപാകതയ്ക്ക് ലഭിച്ച മറുപടിയിൽ 11564888/-രൂപ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദീകരിച്ചു. എന്നാൽ 2020-21 വാർഷിക ധനകാര്യ പത്രികയിലെ വർക്ക് ഇൻ പ്രോഗ്രസ്സ് പൂജ്യം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകത പരിഹരിക്കേണ്ടതാണ്.

2) 2020-21 ലെ ഷെഡ്യൂൾ RP-43 പ്രകാരം Recievables For Property Tax On Residential Buildings (Arrear) 27665/-രൂപയും, Recievables For Property Tax On Non Residential Buildings (Arrear) 21596/- രൂപയുമാണ്. എന്നാൽ 2019-20 വർഷത്തെ B-15 ഷെഡ്യൂൾ പ്രകാരം Recievables For Property Tax On Residential Buildings (Arrear) ആയി തുകയൊന്നും ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. Recievables For Property Tax On Non Residential Buildings (Arrear) കുടിശ്ശികയായി കാണിച്ചിട്ടുള്ളത് 128615/- രൂപയാണ്. 2020-21ലെ ബാലൻസ് ഷീറ്റ് B-15 പ്രകാരം Recievables For Property Tax On Non Residential Buildings കുടിശ്ശികയായി പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി 171100/-രൂപ കാണിച്ചിട്ടുണ്ട്. കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്. ഈ അപാകതയ്ക്ക് ലഭിച്ച മറുപടിയിൽ സഞ്ചയ പ്യൂരിഫിക്കേഷൻ നടത്തിയപ്പോൾ ഉണ്ടായ വ്യത്യാസമാണെന്ന് വിശദീകരിച്ചു. അപാകത പരിഹരിക്കേണ്ടതാണ്.

3) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 62(2)ഇ,എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ , ധനസഹായ റിപ്പോർട്ടുകൾ , മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ(Key Ratios) ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല. ഈ അപാകതയ്ക്ക് ലഭിച്ച മറുപടിയിൽ അടുത്ത വർഷം മുതൽ ആവശ്യമായ രേഖകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2129444/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4590954/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. ഈ അപാകതയ്ക്ക് ലഭിച്ച മറുപടിയിൽ അപാകത ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. അപാകത പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 13436936.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 46077449.00 |
| ആകെ | | 59514385.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 48206893.00 |
| നീക്കിയിരിപ്പ് | | 11307492.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0.00 |

## 1-4 ഫണ്ടുവിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 8042682 | 8042682 | 6310266 | 1732416 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5726157 | 5726157 | 4560034 | 1166123 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 21373 | 21373 | 0 | 21373 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8172137 | 8172137 | 5130762 | 3041375 |
| മെയിന്റനൻസ്, റോഡ് | 0 | 3973000 | 3973000 | 3436239 | 536761 |
| മെയിന്റനൻസ്-റോഡിതരം | 0 | 3456681 | 3456681 | 3023969 | 432712 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 134482 | 442282 | 576764 | 535100 | 41664 |
| സാനിട്ടേഷൻ | 25864 | 1042 | 26906 | 0 | 26906 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ | 1917059 | 1246760 | 3163819 | 1389299 | 1774520 |
| ലൈഫ് ഭവന പദ്ധതി | 0 | 1200000 | 1200000 | 1090000 | 110000 |
| ജനകീയ ഭവന പദ്ധതി | 215294 | 12702 | 227996 | 0 | 227996 |
| സാക്ഷരത | 3940 | 109 | 4049 | 0 | 4049 |
| വിമുക്തി | 3000 | 0 | 3000 | 0 | 3000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 32522697 | 140 | 24435058 | 45 | 8 | 64.19% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 347358 | 878911 | 1226269 | 1209635 | 16634 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 18991280 | 18991280 | 18991280 | 0 |
| ആകെ | 347358 | 19870191 | 20217549 | 20200915 | 16634 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3104700 | 158 |
| വിധവാപെൻഷൻ | 10379200 | 545 |
| വാർദ്ധക്യകാലപെൻഷൻ | 18854300 | 1152 |
| വികലാംഗപെൻഷൻ | 2936700 | 153 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 1071200 | 57 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

19.07.2021ന് ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1792/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഫയൽ ട്രാക്കിംഗ്

ആകെ 3672 തപാലുകളാണ് പഞ്ചായത്തിൽ ഓഡിറ്റ് വർഷം ലഭിച്ചത്. ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പരിശോധിച്ചതിൽ സെക്ഷനുകൾ എല്ലാ തപാലുകളും സ്വീകരിച്ച് ഒപ്പുവെയ്ക്കുന്നതായി കാണുന്നില്ല. സൂചിക സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ നിലവിൽ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. എന്നാൽ സൂചിക സോഫ്റ്റ് വെയർ പൂർണ്ണതോതിൽ ഉപയോഗപ്പെടുത്താനാകാത്തതിനാൽ തപാലുകൾ പുട്ട്അപ്പ് ചെയ്യുന്നത് നിലിവിൽ കൃത്യമായി ട്രാക്ക് ചെയ്യപ്പെടുന്നില്ല.

സേവനങ്ങളുടെ നിരീക്ഷണ സംവിധാനം കൃത്യമല്ല

ഓരോ ദിവസവും നല്കേണ്ട സേവനങ്ങളുടെ വിവരം ഉൾക്കൊള്ളുന്ന ഫ്രണ്ട് ഓഫീസ് ഡയറി പ്രിന്റ് എടുത്ത് നിരീക്ഷിക്കുന്നില്ല. അതിനാൽ സേവനാവകാശ നിയമ പ്രകാരമുള്ള അവസാന തീയതിക്കകം സേവനങ്ങൾ നല്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല.

മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2021 | ഏപ്രിൽ 2020-ഡിസംബർ 2020 | 20.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.05.2018 മുതൽ 13.06.2018 വരെ | 2013-14 മുതൽ 2017-18 വരെ | 21.07.2018 |

## 1-11 ഓഡിറ്റ് ഇംപാക്റ്റ്

കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന്, താഴെപ്പറയുന്ന തുകകൾ അടവാക്കുകയുണ്ടായി.

ലൈസൻസ് ഫീസ് കുറവായി അടവാക്കിയ 14 സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നതിന് 22-07-2021 ലെ എൻക്വയറി നമ്പർ 4 മുഖേന ആവശ്യപ്പെട്ടതിനെ തുടർന്ന്, 23-7-2021-ൽ 121020100422 മുതൽ 121020100435 വരെയുള്ള രസീത് നമ്പറുകൾ പ്രകാരം 2000 രൂപ ഫീസ് ഈടാക്കിയിട്ടുണ്ട്.

## 1-12 വസ്തു നികുതി - കേസ് തീർപ്പായിട്ടില്ല

റൂറൽ അക്കാദമി ഫോർ മാനേജ്മെന്റ് സ്റ്റഡീസ് (റാംസ്), കുഴുപ്പിള്ളി എന്ന സ്ഥാപനം വസ്തു നികുതി

അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിനെതിരെ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 14540/2016 നമ്പർ കേസിൽ സ്റ്റേ നിലവിലുണ്ട്. ഇതിനാൽ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 6/279 മുതൽ 6/282 വരെയുള്ള കെട്ടിടങ്ങളുടെ 2013-14 സാമ്പത്തിക വർഷം മുതലുള്ള വസ്തു നികുതി ഇപ്പോഴും കുടിശ്ശികയായി അവശേഷിക്കുന്നു. സമാനമായ കേസിൽ (WP(C)18155/2019) ബഹു. ഹൈക്കോടതി 15.11.2019 ൽ പുറപ്പെടുവിച്ച വിധിയിൽ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ വസ്തു നികുതി ഇളവ് ലഭിക്കുന്നതിനുള്ള പെറ്റീഷൻ തള്ളുകയും പഞ്ചായത്തുകൾക്ക് ലഭിക്കാനുള്ള നികുതിയും പലിശയും ഈടാക്കുവാനും ഉത്തരവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 26.07.2021 ൽ നൽകിയ എൻക്വയറി നം.18 ന് മറുപടിയിൽ പഞ്ചായത്തിനെതിരെയുള്ള കേസിലെ സ്റ്റേ ഒഴിവാക്കുന്നതിനായി അഡ്വക്കേറ്റിന് 12.05.2020 ൽ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, കോവിഡ് 19 രൂക്ഷമായ സാഹചര്യത്തിൽ വളരെ അടിയന്തിരമായ കേസുകൾ മാത്രമേ ബഹു. ഹൈക്കോടതി പരിഗണിക്കുകയുള്ളൂവെന്നും കോവിഡ് പ്രതിസന്ധി മാറുന്ന മുറയ്ക്ക് കേസ് പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അഡ്വക്കേറ്റ് അറിയിച്ചിട്ടുണ്ട് എന്നുമാണ്. ടി കേസിലെ സ്റ്റേ ഒഴിവാക്കുന്നതിനായി എത്രയും വേഗം നടപടികൾ കൈക്കൊണ്ട് ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ

വിനോയ്, S/O ദേവസ്സി, മഴവഞ്ചേരി, അയ്യമ്പിള്ളി (വാർഡ് 12, കെട്ടിട നം 282A) എന്നയാൾ നിലവിലുള്ള പാർപ്പിടത്തിനു (93.67 ച.മീ) കൂട്ടിചേർക്കലിനായി (85.74 ച.മീ) 2015-16 സാമ്പത്തിക വർഷത്തിൽ പെർമിറ്റ് എടുത്തിരുന്നു. എന്നാൽ നാളിതുവരേയായും കൂട്ടിചേർക്കലുകളുടെ വിവരങ്ങളൊന്നും തന്നെ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുകയോ, ടി കെട്ടിടത്തിന്റെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 26.07.2021 ൽ നൽകിയ എൻക്വയറി നം.21 ന് ലഭ്യമാക്കിയ മറുപടി, പ്രസ്തുത കൂടിചേർക്കലുകൾ നാളിതുവരെയായും പൂർത്തിയായതായി ടിയാൻ പഞ്ചായത്തിൽ അറിയിച്ചിട്ടിലാത്തതിനാൽ സ്ഥലപരിശോധന നടത്തി ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ്. ആയതിനാൽ ടി കെട്ടിടത്തിന്റെ കൂട്ടിചേർക്കലുകൾ സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതും ആയതിന്റെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 ലൈസൻസ് ഫീസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 2020-2021 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയതിൽ ചില ലൈസൻസ് ഫീസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഇവയിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷ നം. | കെട്ടിട നം. | പേര് |
|---|---|---|---|
| 1 | 1 | 7/293A | പോൾ&സൺസ് കുഴുപ്പിള്ളി |
| 2 | 9 | 4/229,230 | ശ്രീലക്ഷ്മി ഫ്ലവർ മിൽസ് കുഴുപ്പിള്ളി |
| 3 | 26 | 11/197 | വെൽസ്കിൽസ് എഞ്ചിനിയറിംഗ് വർക്ക്സ് കുഴുപ്പിള്ളി |
| 4 | 41 | 2/57 | രേഷ്മ ഡൈവർക്ക്സ് അയ്യമ്പിള്ളി |
| 5 | 93 | 11/331C | വിന്റേജ് ലൈൻ ഫേബ്രിക്സ് കുഴുപ്പിള്ളി |
| 6 | 51 | 2/252,253 | എ.എം.എസ്&കോ ചെറുവൈപ്പ് |
| 7 | 94 | 6/273 | ഷേണായ് ട്രേഡേഴ്സ് അയ്യമ്പിള്ളി |
| 8 | 114 | 12/157 | സി.ജി.സി കുഴുപ്പിള്ളി |
| 9 | 116 | 1/229,230 | അണ്ണൈ ട്രേഡേഴ്സ് പെയിന്റ്സ് കുഴുപ്പിള്ളി |

| | | | |
|---|---|---|---|
| 10 | 169 | 4/22 | സന്തോഷ് ഫാർമസി അയ്യമ്പിള്ളി |

ലൈസൻസ് ഫീസ് അപേക്ഷകൾ സ്വീകരിക്കുമ്പോൾ അപേക്ഷകൾ പൂർണ്ണമാണോ എന്നും, മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും പരിശോധിച്ചുറപ്പ് വരുത്തേണ്ടതാണ്.

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് കുറവായി അടവാക്കിയ 14 സ്ഥാപനങ്ങളിൽ നിന്നും എൻക്വയറി നമ്പർ 4 നൽകിയത് വഴി യഥാർത്ഥ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 1-11 ഓഡിറ്റ് ഇംപാക്ടിൽ ചേർത്തിട്ടുണ്ട്.

## 1-15 മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫോറം വില

2020-21 വർഷം പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ഫീസായി അസി. എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിൽ ലഭിച്ച 22,600/- രൂപ ഇതുവരെ പഞ്ചായത്തിൽ അടവാക്കിയിട്ടില്ലാത്തതായി ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9, തീയതി.23.07.2021) അസി. എഞ്ചിനീയർ മറുപടി നല്കി. പ്രസ്തുത തുക എത്രയും വേഗം പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പഞ്ചായത്ത് ഹാളുകളുടെ വാടക സംബന്ധിച്ച അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹാളുകളുടെ വാടക പിരിക്കുന്നതിനായി അംഗീകൃത ബൈലോ നിലവിലില്ല. പിരിച്ചെടുക്കുന്ന വാടക രേഖപ്പെടുത്തുവാനുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. മാത്രമല്ല ഹാളുകൾ വാടകയ്ക്ക് എടുക്കുന്നവരുടെ അപേക്ഷകൾ എല്ലാം തന്നെ ഫയലിൽ സൂക്ഷിച്ചതായും കാണുന്നില്ല. ഓരോ ഹാളിനും അവയുടെ വലുപ്പം അനുസരിച്ച് പല വാടക നിരക്കുകളാണുള്ളത്. ഹാളുകളുടെ വാടക ഏറ്റവും കുറഞ്ഞത് 300/- രൂപയും (ജി.എസ്.ടി, വൈദ്യുതിചാർജ് എന്നിവ ഉൾപ്പെടെ) കൂടിയത് 1290/-രൂപയുമാണ് ഈടാക്കിയിരിക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ ഹാളുകളുടെ വാടകയിനത്തിൽ ആകെ പഞ്ചായത്തിനു ലഭ്യമായിട്ടുള്ളത് 10,250/- രൂപയാണ്. വാടക പിരിക്കുന്നത് സംബന്ധിച്ച് ബൈലോ നിർമ്മിക്കേണ്ടതും, രജിസ്റ്ററും അപേക്ഷകളും കൃത്യമായി സൂക്ഷിക്കേണ്ടതും, വാടക നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സാധിക്കുമോ എന്നത് പഞ്ചായത്ത് കമ്മറ്റി പരിശോധിക്കേണ്ടതുമാണ്.

## 1-17 കരാറുകാർ ജി എസ് ടി ഇൻവോയ്സ് ഹാജരാക്കുന്നില്ല.

പഞ്ചായത്ത് 2020-21 വർഷം നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തിമൂല്യം 2,50,000 രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് GST ഇനത്തിൽ 12 ശതമാനം തുക അധികമായി പഞ്ചായത്ത് നല്കുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികൾക്ക് GST ഇനത്തിൽ TDS പിടിക്കാത്തതുകാരണം, കരാറുകാരൻ ഫയൽ ചെയ്യുന്ന GST റിട്ടേണിൽ ഈ പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധിക്കാനോ, ബോധ്യപ്പെടാനോ ഉള്ള സംവിധാനം നിലവിൽ പഞ്ചായത്തിന് ഇല്ലെന്ന് ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20, തീയതി.23.07.2021) അസി. എഞ്ചിനീയർ മറുപടി നല്കി.

2017 ലെ GST നിയമം വകുപ്പ് 31(2) പ്രകാരം നികുതി ബാധകമായ എല്ലാ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നൽകേണ്ടതുണ്ട്. പ്രസ്തുത ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തും എന്നതിനാൽ ഇപ്രകാരമുള്ള ഇൻവോയ്സ് കരാറുകാരിൽ നിന്ന് അസി. എഞ്ചിനീയർ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-18 ആസ്തി സംരക്ഷണം

പഞ്ചായത്തിലെ ആസ്തി സംരക്ഷണം സംബന്ധിച്ച് പരിശോധന നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ

വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നും പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

2.പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട പല കോളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

3. ആസ്തി രജിസ്റ്റർ നിലവിലെ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 10, തീയതി 23.07.2021) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. ആസ്തികളുടെ കൃത്യമായ അക്കൌണ്ടിംഗും റിപ്പോർട്ടിംഗും പരിപാലനവും ഉറപ്പുവരുത്തുന്നതിനായി അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് അസറ്റ് മാനേജ്മെന്റ് മാനവലിൽപ്പറഞ്ഞിരിക്കുന്ന പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും, ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതുമാണ്.

## 1-19 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ

ഗ്രാമപഞ്ചായത്ത് 2020-21 ൽ 10 പ്രോജക്ടുകൾ അനുവദിച്ചതിൽ തരിശുഭൂമി കൃഷി, കരനെൽകൃഷി എന്നിവയുൾപ്പെടെ 9 എണ്ണവും കുഴുപ്പിള്ളി കൃഷി ഓഫീസർ നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് സാഹചര്യത്തിൽ ജി.ഒ.(സാ.ധാ.)നം.794/2020/29.04.2020 പ്രകാരം ഉദ്പാദന മേഖലയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്താണ് പ്രോജക്ടുകൾ നടപപ്പിലാക്കിയത്. ഇതുമായി ബന്ധപ്പെട്ട രേഖകളെല്ലാം തന്നെ കൃത്യമായി പരിപാലിച്ചിട്ടുണ്ട്. രജിസ്റ്ററുകളുടെ പരിപാലനയിൽ ഓഡിറ്റിൽ കണ്ടെത്തിയ ചില അപാകതകൾ അപ്പോൾ തന്നെ പരിഹരിക്കുകയും ചെയ്തു. കൃഷിഭവന്റെ ഈ കാലയളവിലെ പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. പ്രവർത്തനങ്ങൾ തുടർന്നും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നിർദേശങ്ങൾ നൽകുന്നു.

1. നെൽകൃഷി വികസനത്തിനായി പ്രോജക്ട് നമ്പർ 61/2019-20 പ്രകാരം 1,10,500/-രൂപയും, പ്രോജക്ട് നമ്പർ 25/2020-21 പ്രകാരം 2,12,500/-രൂപയും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. ടി ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ സഭ തയ്യാറാക്കിയതല്ല. നെൽകർഷകരുടെ ലിസ്റ്റ് ഗ്രാമസഭ വഴി തയ്യാറാക്കുന്നത് പ്രായോഗികമല്ല എന്നാണ് കൃഷി ഓഫീസർ അറിയിച്ചത്. ആയതിനാൽ പാടശേഖരസമിതി മുഖേന തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് ആനുകൂല്യം നൽകുന്നത്. ഗ്രാമസഭയിൽ അവതരിപ്പിക്കാത്ത ഒരു ഗുണഭോക്തൃ ലിസ്റ്റിന് ആനുകൂല്യം നൽകുന്നത് അംഗീകരിക്കാനാവില്ല. ആയതിനാൽ പ്രോജക്ട് നടപ്പിലാക്കുന്ന മുറയ്ക്ക് ടി ലിസ്റ്റ് ബന്ധപ്പെട്ട വാർഡുകളിലെ ഏറ്റവും അടുത്ത തീയതിയിലെ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

2. ഫയലുകൾ പരിശോധിച്ചതിൽ പല പ്രോജക്ടുകളിലും (പ്രത്യേകിച്ച് നെൽകൃഷി) ആനുകൂല്യം കൈപ്പറ്റിയിരിക്കുന്ന ഗുണഭോക്താക്കൾ നൽകിയിരിക്കുന്ന കരം അടവാക്കിയ രസീതുകൾ മറ്റ് പലരുടെയും തണ്ടപ്പേരിൽ ഉള്ളവയാണ്. ഇവർ പാട്ടകൃഷി നടത്തുന്ന കർഷകരാണെന്നാണ് കൃഷി ഓഫീസർ അറിയിച്ചത്. സ്വന്തം സ്ഥലത്തല്ലാതെ മറ്റൊരാളുടെ സ്ഥലത്ത് പാട്ടകൃഷി നടത്തുന്ന കർഷകരുടെ അപേക്ഷയോടൊപ്പം പാട്ടക്കരാറിന്റെ പകർപ്പ് /സ്ഥലമുടമയുടെ സമ്മതപത്രം ഹാജരാക്കേണ്ടതാണ്.

## 1-20 ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ)

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ |
| പ്രോജക്ട് നം. | 26 |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് 2,50,000/- |

| | |
|---|---|
| ചെലവ് | 2,50,000/- |
| ബിൽ നം. | ലഭ്യമല്ല |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി |

എ) മേൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപറേറ്റീവ് ഫാർമസിക്ക് 4-11-2020ലെ ട്രഷറി റഫറൻസ് നമ്പർ 201107000000005253 പ്രകാരം 2,50,000/- രൂപ നൽകിയിട്ടുണ്ടെങ്കിലും 26-6-2021 ലെ ഇൻവോയ്സ് നമ്പർ എൽ.എഫ് 805 പ്രകാരമുള്ള 6349/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി 2,43,651/- രൂപയുടെ സാമഗ്രികളും സാമഗ്രികളും ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) സ്ഥാപനം കാഷ് ബുക്ക് തയ്യാറാക്കിയിട്ടുള്ളതായി കാണുന്നില്ല. കുഴുപ്പിള്ളി ഹോമിയോ ഡിസ്പെൻസറിയിൽ സ്ഥിരം തസ്തികയിൽ മെഡിക്കൽ ഓഫീസർ ഇല്ലാത്തതിനാൽ എടവനക്കാട് ഹോമിയോ ഡിസ്പെൻസറി മെഡിക്കൽ ഓഫീസറാണ് 2020- 2021 സാമ്പത്തിക വർഷത്തെ പദ്ധതി നടപ്പിലാക്കിയത്. മേൽ ചെലവുകൾ എടവനക്കാട് ഹോമിയോ ഡിസ്പെൻസറിയുടെ കാഷ്ബുക്കിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥാപനത്തിന്റെ ക്യാഷ്ബുക്ക് തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്വെയറിലും 2019-20,2020-21 വർഷത്തെ പഞ്ചായത്തിന്റെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ | പെൻഷൻ ഐ.ഡി | മരിച്ച തീയതി | വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| 1 | ഫിലോമിന ആന്റണി, കൊട്ടവേലിപ്പറമ്പിൽ, ചെറുവൈപ്പ് | വിധവ | 106640611080 | 10.07.2020 | 5200 |
| 2 | സി പി വർഗീസ്, ചിയ്യേഴത്ത്, കുഴുപ്പിള്ളി | വാർദ്ധക്യം | 106640210745 | 15.07.2020 | 3000 |
| ആകെ | | | | | 8200 |

അനർഹമായ 8200/-രൂപ പെൻഷൻ വിതരണത്തിനായി കുഴുപ്പിള്ളി സർവ്വീസ് സഹകരണ ബാങ്കിന് അനുവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. അനർഹമായവരെ സഹകരണ ബാങ്ക് യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട 2 ഗുണഭോക്താക്കൾക്ക് അനുവദിച്ച 8200/-രൂപയുടെ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ 05.11.2020 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2020-21 വർഷം അനർഹമായതിൽ പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ അനർഹരായി റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ ഗുണഭോക്താക്കളുടെയും പെൻഷൻ സസ്പെന്റ് ചെയ്യാതിരുന്നതും നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 8200/-രൂപ സഹകരണ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് അടവാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക്(നം.01/16.07.21) ലഭിച്ച മറുപടിയിൽ 8200/-രൂപ തിരികെ സർക്കാരിലേക്ക് അടച്ചതായി സഹകരണ ബാങ്ക് അറിയിച്ചതായി ഗ്രാമപഞ്ചായത്ത് വിശദീകരിച്ചു. എന്നാൽ സേവന സോഫ്റ്റ്‌വെയർ പ്രകാരം തുക തിരികെ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. ആയതിനാൽ 8200/-രൂപ തിരികെ സർക്കാരിലേക്ക് അടവാക്കിയെന്ന് സേവന സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 മെഡിക്കൽ ഓഫീസർ ആയുർവേദം നിർവഹണം നടത്തിയ പ്രോജക്ട് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | 88/21 |
| ഫണ്ട്, അടങ്കൽ | മെയിന്റനൻസ് ഫണ്ട് 9,00,000/- രൂപ |
| ചെലവ് | 9,00,000/- രൂപ |
| ബിൽ നം., തീയതി | 1/20-21,തീ.6-11-2020<br>2/20-21,തീ.6-11-2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

മേൽ പദ്ധതി പ്രകാരം ആയുർധാര ഫാർമസ്യൂട്ടിക്കൽസിന് ബിൽനം.2/20-21, തീയതി 06-11-2020 പ്രകാരം 2,50,000/- രൂപ നൽകിയിട്ടുണ്ടെങ്കിലും 94,476/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി 1,55,524/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭിക്കുന്ന മുറക്ക് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 എസ്.എസ്.എ.യ്ക്ക് നൽകിയ തുകയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം അടവാക്കൽ, S0023/21 |
| നിർവഹണം | സെക്രട്ടറി |
| ചെലവ് വിവരം (ബിൽ നമ്പർ, തീയതി) | 4,05,000/-വികസനഫണ്ട് ജനറൽ (13/20-21, 08.07.20) |

2020-21 സാമ്പത്തിക വർഷം 405,000/- രൂപ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് എസ്.എസ്.എ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏതു വിധത്തിൽ വിനിയോഗിച്ചുവെന്ന് പരിശോധിച്ചിട്ടില്ല. എസ് എസ് എ,ജില്ലാ പ്രോജക്ട് ഓഫീസർ 25.08.2020 ന് നൽകിയ വിവിധപദ്ധതികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന പത്രികയിൽ 2020-21 വർഷം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ പദ്ധതിവിഹിതം ₹ 657369/- രൂപയാണെന്നും, ഈ തുക വിവിധ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചതായും പറഞ്ഞിട്ടുണ്ട്. എന്നാൽ പത്രികയിൽ പറഞ്ഞ പ്രവൃത്തികൾ എവിടെയാണ് നടത്തിയതെന്ന വിവരവും തുകകൾ ചെലവഴിച്ചതിന്റെ മോണിട്ടറിംഗ് വിവരങ്ങളും ഫയലിൽ ലഭ്യമല്ല. കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് ₹405000/- നൽകിയപ്പോൾ ₹657369/- രൂപയുടെ ചെലവ് പത്രികയാണ് നൽകിയിരിക്കുന്നത്. നൽകിയ തുകയുടെ വിശദമായ വിനിയോഗ വിവരങ്ങളും തുക വകയിരുത്തിയതിന്റെ വിശദവിവരങ്ങളും ഓഡിറ്റിന് നൽകുവാൻ ഓഡിറ്റ് എൻക്വയറി (നം.7/22.07.21)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഏതൊക്കെ സ്കൂളുകളിൽ ചെയ്തതാണെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വിശദമായ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല. ഈ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 അനുപൂരക പോഷകാഹാരം- വിതരണത്തിന് മുൻപ് ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010 ലെ ഐ സി ഡി എസ് ബി3-312/2010 നമ്പർ കത്തിൽ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന

നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 5 നൽകിയതിന് മറുപടിയായി അറിയിച്ചിരിക്കുന്നത് 24.04.2019 ന ശേഷം ഗുണനിലവാര ടെസ്റ്റ് നടത്തിയിട്ടില്ല എന്നാണ്. യഥാസമയം ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ICDS പ്രോജക്ട് - ചെലവ് തുകയിലെ വ്യത്യാസം.

സുലേഖ എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ് – ചെലവ് തുകയിലെ വ്യത്യാസം.

| | |
|---|---|
| പ്രൊജക്ട് | അനുപൂരക പോഷകാഹാരം - ജനറൽ |
| പ്രൊജക്ട് നം | 3/2020-21 |
| അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട്- 5,00,000/-രൂപ |
| ചെലവ് | 5,00,000/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി. എസ്. സൂപ്പർവൈസർ |

| ക്രമ നം. | തുക | ചെക്ക്നം. (SBI Nayaramalalm) |
|---|---|---|
| 1 | 123029.00 | 317130/14.06.20 |
| 2 | 8808.00 | 969325/03.08.20 |
| 3 | 147280.00 | 969333, 969334/21.09.20 |
| 4 | 46712.00 | 969342/15.10.20 |
| 5 | 103074.00 | 969345/29.12.20 |
| 6 | 71097.00 | 736901/08.02.21 |
| ആകെ | 5,00,000.00 | |

ഈ പ്രോജക്ടിനായി കേന്ദ്രാവിഷ്കൃത ഫണ്ട് -ജനറൽ അടങ്കൽ തുകയായ 5 ലക്ഷം രൂപയും മേൽ വിവരിക്കും പ്രകാരമുള്ള ചെക്കുകൾ വഴി ചെലവഴിച്ചതായി നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ ചെലവ് രേഖകളിൽ കാണുന്നു. എന്നാൽ പഞ്ചായത്തിന്റെ സുലേഖ എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവ് 3,96,926/- രൂപയാണ്. വ്യത്യാസം 1,03,074/-രൂപ. മേൽ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 6 നൽകിയതിന് മറുപടി യായി അറിയിച്ചിരിക്കുന്നത് സാംഖ്യ വെബിലെ തകരാർ മൂലം സുലേഖ യിലേക്ക് മുഴുവൻ തുകയും Synchronise ആയി വന്നില്ല . പ്രസ്തുത വിവരം IKM ൽ കംപ്ലെയിന്റ് രജിസ്റ്റർ ചെയ്തെങ്കിലും പരിഹരിച്ചിട്ടില്ല എന്നാണ്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടച്ചിട്ടില്ല

സർക്കാർ ഉത്തരവ്(പി)നം.07/2017/ധനം തീയതി 23.01.2017 പ്രകാരം സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധ്യതയില്ലാത്ത ജോയിന്റ് വെൻച്വർ പദ്ധതികൾക്കായുള്ള തുകകൾ ഫെബ്രുവരി 28 നകം

അതത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതാണെന്നും മാർച്ച് 31നകം ചെലവഴിക്കാതെ ഈ ഇനത്തിൽ അവശേഷിക്കുന്ന തുകകൾ സർക്കാരിലേക്കും തിരിച്ചടക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ജോയിന്റ് വെൻച്വർ അക്കൗണ്ട് പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരം മുൻ വർഷങ്ങളിലേതുൾപ്പടെ, ബ്ലോക്ക് വിഹിതം 7383/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 3,17,525/- രൂപയും ചെലവഴിക്കാതെ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശപ്രകാരം ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അതാത് ഫണ്ടുകളിലേക്ക് തിരികെ അടയ്ക്കാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/23.07.21)ലഭിച്ച മറുപടിയിൽ മേൽ തുകകൾ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് തിരികെ അടയ്ക്കുന്നതാണെന്ന് വ്യക്തമാക്കുകയുണ്ടായി. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക എത്രയും വേഗം തിരികെ അടയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-27 കുടിവെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ ഭീമമായ കുടിശ്ശിക അടവാക്കാനുള്ളത് സംബന്ധിച്ച്</u>

| | |
|---|---|
| പ്രോജക്ട് | പൊതു ടാപ്പുകളുടെ കുടിവെള്ളക്കരം കുടിശ്ശിക അടവാക്കൽ, S0050/21 |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് വിവരം, ബിൽ നം/ തീയതി | 1) 800000/- രൂപ, 32/20-21 /25.09.20<br>2) 266799/- രൂപ, 43/20-21 /05.01.21<br>3) 323201/- രൂപ, 48/20-21 /08.02.21 |

വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരമാണ് ഗ്രാമപഞ്ചായത്ത് കുടിവെള്ളക്കരിനത്തിൽ തുക അടയ്ക്കുന്നത്. 31.03.2021 വരെയുള്ള കുടിവെള്ളക്കരമിനത്തിൽ (മാർച്ച് 2021) ഡിമാന്റ് ഉൾപ്പെടെ 2,35,52,593/- രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ കണക്ക് പ്രകാരം 31.03.2021 വരെ വാട്ടർ അതോറിറ്റിയിൽ അടയ്ക്കാനുള്ള കുടിശ്ശിക 61,93,571/-രൂപയാണ്. ജീവനക്കാരുടെ ശമ്പളം,മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്ക് പോലും തനത് ഫണ്ട് തികയാത്ത അവസ്ഥയാണ് പഞ്ചായത്തിനുള്ളത്. എന്നിരുന്നാലും നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പ്രോജക്ട് വച്ച് വലിയ തുക വാട്ടർ അതോറിറ്റിയിൽ അടച്ച് പോരുന്നുണ്ട്. കുടിവെള്ളക്കരം മാസാമാസം അടയ്ക്കാത്തതിനാൽ 2% പിഴപ്പലിശയും ഈടാക്കി വരുന്നു. ആയതിനാൽ ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുക കുടിവെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ടി വരുന്നത് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് വലിയൊരു നഷ്ടം തന്നെയാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 243 ടാപ്പുകൾക്ക് പ്രതിമാസം 1,06,313/- രൂപ വീതം (ഒരു ടാപ്പിന് പ്രതിവർഷം 5250/-രൂപ) വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നുണ്ട്. അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് തുക അടവാക്കിപ്പോരുന്നത്. 2020-21 വർഷം വാർഷിക കണക്കുപ്രകാരം വാട്ടർ ചാർജിനത്തിൽ ആകെ 13,90,000/- രൂപയോളം ചെലവഴിച്ചിട്ടുണ്ട്. ജി.ഒ(ആർ.ടി)നം.1501/2006/തസ്വഭവ/23.06.2006 ഉത്തരവ് പ്രകാരം ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. 28.09.2011ലെ ജി.ഒ(ആർ.ടി)2242/2011/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കുകയും, അതനുസരിച്ച് പ്രവർത്തന ക്ഷമമല്ലാത്ത 57 ടാപ്പുകൾ വിച്ഛേദിക്കുന്നതിന് 24.02.2018 ൽ 56,728/-രൂപ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുകയും ചെയ്തു. എന്നാൽ നാളിതു വരെയും ഈ ടാപ്പുകൾ വിച്ഛേദിക്കാതിരുന്നതു കാരണം ഭീമമായ തുക എല്ലാ വർഷവും വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ടി വരുന്നു.

തനത് വരുമാനം വളരെ കുറഞ്ഞ ഗ്രാമപഞ്ചായത്തായതിനാൽ ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകയുടെ നല്ലൊരു ഭാഗം വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ടി വരുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ തന്നെ

ബാധിക്കുന്നുണ്ട്. വീണ്ടുമൊരു സംയുക്ത പരിശോധനയിലൂടെ നിലവിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരമിനത്തിലുള്ള ചെലവിന്റെ കൃത്യത ഉറപ്പുവരുത്താതിരുന്നതിന്റെയും, പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെയും കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.03/21.07.21) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വാട്ടർ അതോറിറ്റിയിൽ അടയ്ക്കാനുള്ള തുക സംബന്ധിച്ച പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയോട് നിർദ്ദേശിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 27.05.2020 ലെ 4(4)-ാം നമ്പർ തീരുമാന പ്രകാരം 18.06.2020 ൽ അപേക്ഷിച്ചിരുന്നു. എന്നാൽ നാളിതു വരെയും തുടർ നടപടികൾ ഉണ്ടായിട്ടില്ല. കൂടാതെ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിക്കുന്നതിന് തുക അടച്ചിട്ടും തുടർ നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിക്കാത്തതിനാൽ ഭീമമായ നഷ്ടം തന്നെയാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്. മേൽ അപാകതകൾ എത്രയും വേഗം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2020-21 വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 2528 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 3280 |
| നല്കിയ തൊഴിൽ ദിനങ്ങൾ | 58665 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 465 |
| 2020-21 വർഷത്തെ ആകെ ചെലവ് തുക | 20200915 |

ഓഡിറ്റ് വർഷത്തിൽ ആക്ഷൻ പ്ലാൻ പ്രകാരം ലേബർ ബജറ്റിലുൾപ്പെടുത്തി 1209 വർക്കുകൾ രൂപീകരിച്ചെങ്കിലും നടപ്പിലാക്കിയത് 228 പ്രവൃത്തികളാണ്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം താഴെപ്പറയുന്നു.

| 2020-21 വർഷത്തെ പദ്ധതികളുടെ വിവരണം | ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളുടെ എണ്ണം | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| ജലനിർഗ്ഗമന ചാലുകളുടെ പുനരുദ്ധാരണം | 53 | 15 |
| കൃഷിക്ക് നിലമൊരുക്കൽ | 52 | 36 |
| ദുർബല കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവൃത്തികൾ | 14 | 13 |
| കോഴിക്കൂട് നിർമ്മാണം | 130 | 20 |
| ആട്ടിൻകൂട് നിർമ്മാണം | 39 | 6 |
| പശുതൊഴുത്ത് നിർമ്മാണം | 26 | 2 |
| സോക്ക് പിറ്റ് നിർമ്മാണം | 156 | 59 |
| കംമ്പോസ്റ്റ് പിറ്റ് നിർമ്മാണം | 72 | 8 |
| ചിറ ബലപ്പെടുത്തൽ | 42 | 25 |
| ബീച്ച് പരിസരത്ത് കാറ്റാടിതൈ നട്ടുപിടിപ്പിക്കൽ | 2 | 1 |
| നഴ്സറി നിർമ്മാണം | 13 | 2 |
| ലൈഫ് ഭവനപദ്ധതി നിർമ്മാണം | 130 | 11 |
| കിണർ റീചാർജ്ജ് | 156 | 9 |
| തീറ്റപുൽ കൃഷി | 12 | 2 |
| അസോള ടാങ്ക് നിർമ്മാണം | 260 | 7 |
| ഫാം പോണ്ട് നിർമ്മാണം | 13 | 1 |

| | | |
|---|---|---|
| റോഡ് നിർമ്മാണം | 11 | 8 |
| മിനി MCF നിർമ്മാണം | 14 | 1 |
| തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ | 14 | 2 |
| ആകെ | 1209 | 228 |

തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. വർക്കുകളുടെ പൂർത്തീകരണത്തിനുശേഷം ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കേണ്ട എല്ലാ വർക്കുകൾക്കും ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. ഡിസ്പ്ലേ ബോർഡുകൾ ഓരോ വർക്കുകൾക്കും പ്രത്യേകമായി നിർമ്മിക്കുകയാണ് നിലവിൽ ചെയ്യുന്നത്. വ്യക്തിഗത പ്രവൃത്തികളുള്ള ഓരോ ബോർഡിനും 3000/- രൂപ വെച്ചും പൊതുവായ പ്രവൃത്തകൾക്കുള്ളതിന് 5000/- രൂപയുമാണ് നിലവിൽ ചെലവഴിച്ചിരിക്കുന്നത്. നല്ലൊരു ശതമാനം വർക്കുകൾക്കും ഡിസ്പ്ലേ ബോർഡുകൾ വേണമെന്നിരിക്കെ, ആകെ ആവശ്യമുള്ള ബോർഡുകളുടെ എണ്ണം കണക്കാക്കി ടെണ്ടർ നടപടിയിലൂടെ ഇവ സമാഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. മരാമത്ത് വർക്കുകളുടെ സാധന സാമഗ്രികളുടെ വിതരണവും ഫോം വർക്കും നടത്തുന്നതിനായി ഓരോ വർക്കുകൾക്കും ടെണ്ടർ മുഖേന തെരഞ്ഞെടുത്ത കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.

3. പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പും, പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോളും, പ്രവൃത്തിയുടെ പൂർത്തീകരണത്തിനു ശേഷവുമുള്ള ഫോട്ടോകൾ NREGA വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തതിന്റെ പ്രിന്റ് ഔട്ട് ചില ഫയലുകളിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

4. തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് 2020-21 വർഷത്തിൽ നടന്നിട്ടുണ്ട്. 3-ാം വാർഡിലെയും 8-ാം വാർഡിലെയും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഓഡിറ്റ് നടന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഓരോ വാർഡിലെയും ഗ്രാമസഭകളും 2020-21 ൽ സംഘടിപ്പിച്ചിട്ടുണ്ട്.

## 1-29 ആസൂത്രണ സമിതി യോഗം കൃത്യമായി ചേരുന്നില്ല

പദ്ധതി തയ്യാറാക്കുന്നതിനുള്ള സർക്കാർ മാർഗരേഖ പ്രകാരം (29.01.2018 തീയതിയിലെ ജി.ഓ.(ആർ.ടി.)11/2018/ത.സ്വ.ഭ.വ) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ അംഗങ്ങളായും, ശ്രീ.എം.ബി.ഭർതൃഹരി ഉപാദ്ധ്യക്ഷനായും, വിദഗ്ദ്ധർ/സന്നദ്ധ സേവകരെയും ചേർത്ത് 2020-21 വർഷത്തിൽ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും, രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത സമിതി ഒരു പ്രാവശ്യം മാത്രമാണ് (25.01.2021 ൽ) യോഗം ചേർന്നിട്ടുള്ളത് എന്ന് കാണുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണ നിർവ്വഹണ കാര്യങ്ങളിൽ സജീവമായി ഇടപെടേണ്ട ആസൂത്രണ സമിതി, പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലും യോഗം ചേരാതിരുന്നത് പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആസൂത്രണ സമിതി യോഗം ആവശ്യാനുസരണം വിളിച്ച് ചേർക്കേണ്ടതും, പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ കൃത്യമായി നടത്തേണ്ടതുമാണ്.

## 1-30 ഗ്രാമസഭ സംബന്ധിച്ച അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭായോഗം വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷം കോവിഡ് മഹാവ്യാധി മൂലം കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 13 ഗ്രാമസഭകൾ നിയമ പ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരാൻ സാധിച്ചിട്ടില്ല. 2020-2021 സാമ്പത്തിക വർഷം ഒരു തവണ മാത്രമാണ് 13 ഗ്രാമസഭകളും യോഗം ചേർന്നത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2021 ഫെബ്രുവരി | 1. 2020-21 വാർഷിക പദ്ധതി അവലോകനം. |

| | | |
|---|---|---|
| | | 2. 2021-22 വാർഷിക പദ്ധതി രൂപീകരണം -കരട് നിർദ്ദേശങ്ങൾ അംഗീകീരം.<br>3. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2021-22 ലെ ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകാരം.<br>4. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം.<br>5. 2020-21 വർഷത്തെ വിവിധ ഗുണഭോക്തൃ ലിസ്റ്റുകൾ സാധൂകരണം. |

29-01-2018 ലെ സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ നമ്പർ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 11.3.4പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരേയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഖണ്ഡിക 11.3.8 പ്രകാരം ആക്ഷേപങ്ങൾ പരിഗണിച്ച് പരിഷ്കരിക്കുന്ന കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമമുൻഗണനാ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് മിനിട്സിൽ തീരുമാനം രേഖപ്പെടുത്തുകയും വേണം. എന്നാൽ കുഴപ്പിള്ളി ഗ്രാമ പഞ്ചായത്ത് വാർഡ് 8ൽ 5-2-2021 ൽ ചേർന്ന ഗ്രാമസഭ സംബന്ധിച്ച ഗ്രാമസഭാ മിനുറ്റ്സ് ബുക്കിൽ 2020-21 സാമ്പത്തികവർഷത്തെ വിവിധ പദ്ധതികൾക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മാർക്ക് രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. ഗുണഭോക്താക്കളെ നിശ്ചയിച്ച് ഗ്രാമസഭയിൽ ഈ വിധത്തിൽ അംഗീകരിച്ചത് സുതാര്യമായ നടപടിയല്ല.

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് കൃത്യമായ മാർക്ക് നൽകി ആയത് അവരെ ബോധിപ്പിച്ച് ഗ്രാമസഭ മിനുറ്റ്സ് ബുക്കിൽ മാർക്ക് സഹിതം രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

## 1-31 ദുരിതാശ്വാസനിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവയാൽ ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര ധനസഹായം നൽകുന്നതിനായാണ് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടത്. കുഴിപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി(അക്കൗണ്ട് നം. 5789 കുഴിപ്പിള്ളി സർവീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്) സുനാമി റിലീഫ് ഫണ്ട് എന്ന പേരിൽ നിലവിലുണ്ട്. 2019-20 സാമ്പത്തിക വർഷം AFS പ്രകാരം മുന്നിരിപ്പ് 15085/- രൂപയും (പലിശവരവ് 608/-, ബാങ്ക്ചാർജ്ജ് 20/-) നീക്കിയിരിപ്പ് 15673/- രൂപയുമാണ്. തുടർന്ന് 2020-21 ൽ (പലിശ വരവ് 552/- ബാങ്ക്ചാർജ്ജ് 20/-) നീക്കിയിരിപ്പ് 16205/- രൂപയുമാണ്. മറ്റ് ഇടപാടുകളൊന്നും പാസ്ബുക്ക് പ്രകാരം നടത്തിയതായി കാണുന്നില്ല. പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിരസഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഈ നിധിയിൽ നിന്നും ഓഡിറ്റ് വർഷങ്ങളിൽ ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റിയുടെ മിനുട്ട്സ്ബുക്കും പരിശോധനയ്ക്കായി നൽകുവാനും പ്രസ്തുത ദുരിതാശ്വാസനിധിയുടെ പേര് നിലവിലും സുനാമി ദുരിതാശ്വാസ നിധി എന്ന് കാണുന്നതും സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 2 നൽകിയതിനു നൽകിയ മറുപടിയിൽ ധനസഹായം നൽകുകയോ വിഭവസമാഹരണം നടത്തുകയോ ചെയ്തിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സബ് കമ്മിറ്റി, സുനാമിദുരിതാശ്വാസനിധി എന്ന പേര് എന്നിവ സംബന്ധിച്ച് മറുപടിയിൽ

പരാമർശിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ദുരിതമനുഭവിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് അടിയന്തിരസഹായം നൽകി അവരനുഭവിക്കുന്ന ദുരിതത്തിൽ നിന്നും ആശ്വസിക്കുവാൻ ഉതകുന്ന തരത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നതിന് പഞ്ചായത്തിന്റെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ചട്ടം നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങളിലൂടെ ദുരിതാശ്വാസനിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. നിലവിൽ ദുരിതാശ്വാസ നിധിയുടെ പേരിലുള്ള (സുനാമി) ആശയക്കുഴപ്പവും പരിഹരിക്കേണ്ടതാണ്.

## 1-32 സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് കൃത്യമായി കൂടുന്നില്ല.

പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർ അംഗങ്ങളായ സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് ഓഡിറ്റ് വർഷത്തിൽ രണ്ട് പ്രാവശ്യം (26.05.2020,22.01.2021) മാത്രമാണ് കൂടിയിട്ടുള്ളത്. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകേണ്ട പ്രസ്തുത കമ്മറ്റി കൃത്യമായ ഇടവേളകളിൽ ചേരാത്തത് പഞ്ചായത്തിന്റെ നയരൂപീകരണത്തെയും പദ്ധതി പ്രവർത്തനങ്ങളെയും ബാധിക്കുമന്നതിനാൽ, കമ്മിറ്റി മീറ്റിംഗുകൾ കൃത്യമായി ചേരുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-33 ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി അംഗീകരിക്കൽ

കേരളം അഭിമുഖീകരിച്ച പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങളും, ദുരന്ത ലഘൂകരണ പ്രവൃത്തികളും ഉൾപ്പെടുത്തികൊണ്ട് ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനും അവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പ്ലാനുമായി സംയോജിപ്പിക്കുന്നതിനും ഉള്ള മാർഗനിർദ്ദേശങ്ങൾ G.O.(MS)156/2019/LSGD Dtd.04.12.2029, G.O.(MS)157/2019/LSGD Dtd.15.12.2019 എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രത്യേക ഗ്രാമസഭായോഗം 07.02.2020 ൽ ചേരുകയും ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും അവസ്ഥാപഠന രൂപരേഖ തയ്യാറാക്കുന്നതിനും 20 അംഗങ്ങൾ അടങ്ങിയ ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തു. അതിനുശേഷം 15.02.2020 ൽ പ്രത്യേക വികസന സെമിനാർ കൂടുകയും പൊതുജന പങ്കാളിത്തത്തോടെ തയ്യാറാക്കിയ ദുരന്ത നിവാരണ പദ്ധതിരേഖ 16.04.2021 ൽ കൂടിയ പഞ്ചായത്തുകമ്മറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ദുരന്ത നിവാരണ പദ്ധതി രേഖയിൽ, ദുരന്ത സാധ്യതാ പ്രദേശങ്ങൾ തിട്ടപ്പെടുത്തുകയും, പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള എമർജൻസി റസ്പോൺസ് ടീമിന്റെ വിവരങ്ങൾ, ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ലഭ്യമായ വാഹനങ്ങളുടെയും, ബോട്ട്, വള്ളങ്ങൾ എന്നിവയുടെയും വിവരങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ദുരന്ത നിവാരണ പദ്ധതിയിലെ നിർദ്ദേശ പ്രകാരം തോടുകളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും കൾവേർട്ടുകൾ നിർമ്മിക്കുന്നതിനും വാർഷിക പദ്ധതിയിലും, ദേശീയ തൊഴിലുറപ്പ് പദ്ധതിയിലും പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കിയതുമൂലം പഞ്ചായത്തിന്റെ ദുരന്ത പ്രതിരോധവും അതിജീവനക്ഷമതയും ഉറപ്പുവരുത്തുവാൻ കഴിയുമെന്ന് ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 12, തീയതി. 23.07.2021) മറുപടിയായി സെക്രട്ടറി അറിയിച്ചു.

## 1-34 ഖരമാലിന്യ നിർമ്മാർജ്ജനം

2020-21 വർഷത്തിൽ 20 അംഗങ്ങളുമായി ഹരിത കർമ്മസേന പ്രവർത്തിക്കുന്നുണ്ട്. താല്ക്കാലിക MCF നിർമ്മിച്ച് മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പഞ്ചായത്ത് എന്റെ ഗ്രാമം ശുചിത്വ ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. ഖരമാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ 2016 ൽ പുറപ്പെടുവിച്ച സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം, ഗ്രാമ പഞ്ചായത്ത് 16.04.2021 ലെ 14-ാം നമ്പർ തീരുമാനം പ്രകാരം ബൈലോ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

## 1-35 പ്രളയ ബാധിത പ്രദേശങ്ങൾക്കുള്ള പ്രത്യേക വിഹിതം - 29,48,144 രൂപ ലാപ്സായി

പ്രളയം ബാധിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള പ്രത്യേക വിഹിതമായി 2019-20 വർഷം

ധനവകുപ്പിന്റെ 12.12.2019 ലെ ജി.ഓ(ആർ.ടി.)9823/2019 പ്രകാരം കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന് ജനറൽ ഫണ്ടായി 33,62,000/- രൂപയും, എസ്.സി. ഫണ്ടായി 9,54,000/- രൂപയും ചേർത്ത് 43,16,000/- രൂപ ലഭിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കി ടെൻഡർ നടപടി സ്വീകരിച്ചെങ്കിലും 6 പ്രവർത്തികൾക്ക് മാത്രമാണ് കരാറുകാരുമായി 2019-20 വർഷത്തിൽ കരാറുവെയ്ക്കുവാൻ സാധിച്ചത്. എന്നാൽ കോവിഡ് വ്യാപനത്തെ തുടർന്ന് സമ്പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിച്ചതുകൊണ്ട് ഈ പ്രോജക്ടുകൾ 2019-20 വർഷത്തിൽ പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നതിനാൽ 31.03.2020 ൽ ഫണ്ട് ലാപ്സാവുകയുണ്ടായി.

2020-21 നേരത്തെ അനുവദിച്ച 43,16,000/- രൂപ പഞ്ചായത്തിന് വീണ്ടും ലഭിച്ചെങ്കിലും 2019-20 ൽ എഗ്രിമെന്റ് വെച്ച പ്രവർത്തികൾക്ക് മാത്രമേ ഈ തുക വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ എന്ന നിബന്ധനയുണ്ടായിരുന്നതിനാൽ ഇപ്രകാരം കരാർ വെച്ച 5 പ്രവർത്തികൾ മാത്രമാണ് പഞ്ചായത്തിന് നടപ്പിലാക്കാൻ സാധിച്ചത്. ഈ 5 പ്രോജക്ടുകൾക്ക് 13,67,856/- രൂപ ആകെ ചെലവായിട്ടുണ്ട്. ബാക്കി 29,48,144/- രൂപ ചെലവഴിക്കാൻ കഴിയാതെ ലാപ്സായി പോയി. സമയബന്ധിതമായി പ്രോജക്ട് തയ്യാറാക്കി ടെൻഡർ നടപടി പൂർത്തിയാക്കി കരാറുകാരുമായി എഗ്രിമെന്റ് വെയ്ക്കുവാൻ സാധിക്കാതെ വന്നതിനാലാണ് ഇപ്രകാരം ലഭിച്ച പ്രത്യേക വിഹിതം പഞ്ചായത്തിന് പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സാധിക്കാതെ വന്നത്. ഫണ്ട് ലഭ്യത വളരെക്കുറവുള്ള പഞ്ചായത്ത് ആയതിനാൽ ലഭിക്കുന്ന ഫണ്ടുകൾ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 8000000/- (4108103 മുൻ വർഷത്തെ നീക്കിയിരിപ്പ്) | വിവിധ റോഡുകളുടെ നിർമ്മാണം | 3790578 | 317525 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1646040/- (6040 മുൻ | ലൈഫ് ഭവന പദ്ധതി | 1640000 | 6040 |

| | | | | | |
|---|---|---|---|---|---|
| | | വർഷത്തെ നീക്കിയിരിപ്പ്) | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 251343/- (1343 മുൻ വർഷത്തെ നീക്കിയിരിപ്പ്) | പാൽ സബ്സിഡി | 250000 | 1343 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ 13/21) | 03/20-21, 11.04.20 | 235457 | 235457 | 0 |

ഓഡിറ്റ് വർഷം വാട്ടർ അതോറിറ്റിയിൽ 17,79,984/-രൂപ ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട് (B.18 Schedule: 460500201). മുൻകൂർ നൽകിയ പ്രവൃത്തികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം. (കെ യു ആർ ഡി എഫ് സി) | - | 12583917 | 11304505 | 1360588 | 0 | 9943917 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2009-10 | -- | 2009 മാർച്ച് 31 | 3.2.9.1 | പൊതുടാപ്പുകൾ പരിപാലിക്കുന്നതിലെ അധികച്ചെലവുകൾ | 2017 ജനവരി മാസത്തിന്റെ തുടക്കത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ എണ്ണം ലഭ്യമാക്കുന്നതിന് പരിശോധന നടത്തുകയും 20.03.12 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ മൊത്തം പൊതു ടാപ്പുകളുടെ എണ്ണം 243 ആയി തിട്ടപ്പെടുത്തുകയുണ്ടായി . അതോടെ നിലവിലുണ്ടാ യിരുന്ന വാട്ടർ ചാർജ്ജ് 51333/- രൂപയിൽ നിന്ന് 70875/- ആയി വർദ്ധിക്കുകയു ണ്ടായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിന് മേൽത്തുക വലിയ ബാധ്യതയാകു മെന്നതിനാൽ ബന്ധപ്പെട്ട വാർഡ് മെമ്പർമാരോട് ഒഴിവാക്കാനാവുന്ന പൊതുടാപ്പുകളുടെ കണക്കെടുത്ത് ആയത് പഞ്ചായത്ത് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കുവാനും കമ്മിറ്റി തീരുമാന പ്രകാരം ടി ടാപ്പുകൾ വിച്ഛേദിക്കുന്നതിന് ആവശ്യമയ നടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനം<br><br>ഉള്ളതാണ്. പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയത് പ്രകാരം 24.02.2018 ൽ 56728/- രൂപ വാട്ടർ അതോറിറ്റിക്ക് അടവാക്കിയി ട്ടുള്ളതാണ്. ആയത് പ്രകാരം 57 ടാപ്പുകൾ റദ്ദാക്കുന്നതിന് ആവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി, കൊച്ചി ഓഫീസിൽ നിന്ന് അടിയന്തിരമായി പൂർത്തീകരി ക്കുന്നതാണ്.<br>പ്ലാനിംഗ് ഓഫീസ്<br>മുഖാന്തിരവും മേൽ നടപടികൾ കൈക്കൊള്ളു ന്നതാണെന്നും അറിയിച്ചിട്ടുള്ളതാണ്. |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് | അപാകത പരിഹരിച്ചു. |
| 2015-16 | 2-2 | 2016-17 | അനുബന്ധം 5 | റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് | ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതായി അറിയിച്ച് റേഷൻ ഡീലേഴ്സ് കത്ത് നൽകിയിരുന്നു |

## 4-9 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 46077449.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48206893.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ (പി3)-714(1)/18 തീയതി 14.09.18 |
| 1999-2000 | എൽ.എഫ്.ഇ (പി3)-714(2)/18 തീയതി 14.09.18 |
| 2001-02 | കെ.എസ്.എ ഇ.കെ.എം. (പി3)-635-അദാ(3)/19 തീയതി 18.07.19 |
| 2003-04 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(5)/19 തീയതി 18.07.19 |
| 2007-08 | കെ.എസ്.എ. ഇ.കെ.എം.(പി3)-714(5)/18 തീയതി 14.09.18 |
| 2013-14 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(11)/19 തീയതി 18.07.19 |
| 2014-15 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(12)/19 തീയതി 18.07.19 |
| 2015-16 | കെ.എസ്.എ. ഇ.കെ.എം.(പി3)2040/16/ തീയതി 30.07.18 |
| 2016-17 | കെ.എസ്.എ. ഇ.കെ.എം.(പി3)-1785/17 തീയതി 21.10.17 |
| 2017-18 | കെ.എസ്.എ. ഇ.കെ.എം.(പി3)-2027/2018 തീയതി 02.11.18 |
| 2018-19 | കെ.എസ്.എ. ഇ.കെ.എം.(പി3)-283/2020 തീയതി 19.03.20 |
| 2019-20 | കെ.എസ്.എ. ഇ.കെ.എം.(പി3)995/21 തീയതി 09.08.21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ കാര്യാലയം,
എറണാകുളം.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്